⇨ *അക്കാലത്തെ നിരവധി യുവജനങ്ങളെ തന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കിയിരുന്നു* ⇨

**ബിനായക് സെൻ, സഹദേവ് സാഹൂ, സോനി സോരി, സായ്ബൽ ജെന..**

# പ്രതിരോധവും നിർമ്മാണവും നിയോഗി സ്കൂളിലൂടെ തുടരുന്നു

ഛത്തീസ്ഗഢിലെ പ്രമുഖ ആദിവാസി ആക്ടിവിസ്റ്റ് സോനി സോരിക്ക് നേരെ 2016 ഫെബ്രുവരി 5ന് ഉണ്ടായ ആസിഡ് ആക്രമണവും സോനി സോരി അടക്കമുള്ള ആദിവാസി നേതാക്കളെയും മനുഷ്യാവകാശ പ്രവർത്തകരെയും പോലീസ് പീഡിപ്പിക്കുന്നതിനെതിരെ ശബ്ദമുയർത്തിയ ഡോ. സായ്ബൽ ജെനയെ അടുത്തിടെ അകാരണമായി അറസ്റ്റു ചെയ്ത സംഭവവും എന്താണ് വ്യക്തമാക്കുന്നത്?

**കെ. സഹദേവൻ**

**ഏതാണ്ട്** നാല് പതിറ്റാണ്ട് മുമ്പ് പശ്ചിമ ബംഗാളിലെ അസൻസോളിൽ നിന്നും ഛത്തീസ്ഗഢിലെ ഭിലായിയിൽ എത്തി ഖനിത്തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ ആരോഗ്യ-വേതന മേഖലകളിൽ ശ്രദ്ധ ചെലുത്തിക്കൊണ്ട് ഖനി മാഫിയകൾക്കെതിരെ അതിശക്തമായ ചെറുത്തുനിൽപ്പുകൾ സംഘടിപ്പിക്കുകയും വികസനത്തിന്റെ പേരിൽ നടക്കുന്ന തൊഴിലാളി-പ്രകൃതി ചൂഷണങ്ങളെ തുറന്നു കാണിക്കുകയും ചെയ്ത ശങ്കർ ഗുഹാ നിയോഗിയെ ഭരണത്തിലിരുന്ന ബി.ജെ.പി. സർക്കാരിന്റെ സഹായത്തോടെ കൊലപ്പെടുത്തിക്കൊണ്ടായിരുന്നു ഖനി മാഫിയകൾ തങ്ങൾക്കെതിരായ നീക്കങ്ങളെ തടയിട്ടത്. ഛത്തീസ്ഗഢ് ശ്രമിക് സംഘടൻ നേതാവിയിരുന്ന നിയോഗി ഉറങ്ങിക്കിടന്നപ്പോൾ വാടകക്കൊലയാളികളെ ഉപയോഗിച്ച് കൊലപ്പെടുത്തിയത് 1991 സെപ്തമ്പർ 29ന് ആയിരുന്നു. കേസിലെ പ്രധാന പ്രതികളായ മൂൽചന്ദ് ഷാ, ചന്ദ്രകാന്ത് .ഷാ എന്നിവർ (ഓസ്വാൾ ഇൻഡസ്ട്രി ഉടമകൾ) ഇന്നും സ്വൈര്യവിഹാരം നടത്തുകയാണ്. വ്യാവസായിക വികസനത്തിന്റെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവാനായിരുന്ന തൊഴിലാളി സംഘടനാ നേതാവായിരുന്നു നിയോഗി. തന്റെ തൊഴിലാളി പ്രസ്ഥാനത്തിലൂടെ പുതിയൊരു തൊഴിൽ-വ്യവസായ സംസ്കാരത്തെക്കുറിച്ച് ചിന്തിക്കാനും പ്രായോഗിക പ്രവർത്തനങ്ങൾ ആരംഭിക്കുവാനും നിയോഗി പദ്ധതിയിട്ടിരുന്നു. നിയോഗിയെ ഇല്ലാതാക്കേണ്ടത് അതുകൊണ്ടു തന്നെ വ്യവസായ ലോബികളുടെ ആവശ്യമായിരുന്നു.

സമാനതകളില്ലാത്ത അർപ്പണബോധവും ദീർഘവീക്ഷണവും പ്രകടിപ്പിച്ചിരുന്ന നിയോഗി, അക്കാലത്തെ നിരവധി യുവജനങ്ങളെ തന്റെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാക്കിയിരുന്നു. നിയോഗിയുടെ രക്തസാക്ഷിത്വത്തിന് ശേഷവും ഛത്തീസ്ഗഢിലെ വ്യവസായ ലോബികളുടെ കൊള്ളകൾക്കെതിരെ അതിശക്തമായ ചെറുത്തുനിൽപ്പുകൾ ഉയർന്നത് അതുകൊണ്ടുതന്നെയായിരുന്നു. ഡോ.ബിനായക് സെൻ, സഹദേവ് സാഹൂ, ഡോ. സായ്ബൽ ജെന, ഡോ.അഷീഷ് കുൻഡു, ഡോ.പുണ്യബ്രത ഗുൺ, ഡോ.ഇലീന സെൻ, സുധാ ഭരദ്വാജ്, പീയുഷ് ഗുഹ, ആശ നിയോഗി തുടങ്ങി നിരവധി ആളുകൾ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലേക്കും പരിസ്ഥിതി-മനുഷ്യാവകാശ പ്രവർത്തനങ്ങളി




ലേക്കും കടന്നുവന്നത് നിയോഗിയുടെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായിട്ടായിരുന്നു. ഛത്തീസ്ഗഢിൽ ഉയരുന്ന വിമത ശബ്ദങ്ങൾക്ക് പിന്നിൽ നിയോഗി സ്കൂളിന്റെ പങ്ക് വളരെ വലുതാണെന്ന് തുടർന്നുള്ള സംഭവഗതികൾ തെളിവുകൾ നൽകുന്നുണ്ട്.

നിയോഗിയുടെ സഹപ്രവർത്തകരായ ഡോ.ബിനായക് സെൻ, ഡോ. ഇലീന സെൻ എന്നിവർ ഛത്തീസ്ഗഢിലെ മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെയും പരിസ്ഥിതി ചൂഷണങ്ങൾക്കെതിരെയും അതിശക്തമായ നിലപാട് സ്വീകരിച്ചവരായിരുന്നു. അറിയപ്പെടുന്ന ആണവ വിരുദ്ധ പ്രവർത്തകരായ രണ്ടുപേരെയും നിശ്ശബ്ദരാക്കുക എന്നത് ഭരണകൂടത്തിന്റെ ആവശ്യമായിരുന്നു. ജയപ്രകാശ് നാരായൺ സ്ഥാപിച്ച പി.യു.സി.എൽ എന്ന മനുഷ്യാവകാശ സംഘടനയുടെ നേതാവായിരുന്ന ബിനായക്സെൻ മാവോയിസ്റ്റ് ആശയധാരയോട് പൂർണ്ണമായും വിയോജിപ്പ് നിലനിർത്തിയിരുന്ന വ്യക്തിയായിരുന്നു. മനുഷ്യാവകാശ സംഘടനയുടെ നേതാവെന്ന നിലയിലും ആതുരശുശ്രൂഷകൻ എന്ന നിലയിലും തടവറയിലുണ്ടായിരുന്ന നാരായൺ സന്യാലിനെ സന്ദർശിച്ചു എന്നതിനാൽ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അദ്ദേഹത്തെ അറസ്റ്റു ചെയ്യുകയും ജയിലിലിടുകയും ചെയ്യുകയായിരുന്നു. ഇന്ത്യയിലെ ആണവ വിരുദ്ധ പ്രസ്ഥാനത്തിലെ മുൻനിര പ്രവർത്തകരായ സെൻ ദമ്പതികളെ പൂട്ടിയിടുക എന്നത് ഇന്ത്യൻ ആണവ ലോബിക്ക് അത്യാവശ്യമായ സംഗതിയായിരുന്നു. പല രീതിയിൽ ഇതിനുള്ള ശ്രമം അവർ നടത്തുകയുണ്ടായിരുന്നു. ഡോ. ഇലീന

⇨ ഡോ. സായ്ബൽ ജെനയുടെ അറസ്റ്റും ഇതിലേക്കുതന്നെയാണ് വിരൽചൂണ്ടുന്നത് ⇨

സെൻ താൻ പഠിപ്പിക്കുന്ന സർവ്വകലാശാലയിൽ സംഘടിപ്പിച്ച സെമിനാറിൽ വിദേശ വിദ്യാർത്ഥികൾ പങ്കെടുത്തത് പോലീസിനെ വിവരം ധരിപ്പിച്ചില്ലെന്ന കാരണം പറഞ്ഞ് അവരെ അറസ്റ്റുചെയ്യുകയും കേസിൽ കുടുക്കുകയും ചെയ്തിരുന്നു.

മാവോയിസ്റ്റ് നിലപാടുകളോട് പൂർണ്ണ വിയോജിപ്പുള്ള സോനി സോരിയെയും ഭരണകൂടം വേട്ടയാടാൻ ആരംഭിച്ചിട്ട് വർഷങ്ങളായി. ആദിവാസി കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന സോനി സോരിയെ മനുഷ്യ മനസ്സാക്ഷിയെ നടുക്കുംവിധം ശാരീരികാക്രമണം നടത്തിയതും നിരവധി കേസുകളിൽ ഉൾപ്പെടുത്തി പീഡിപ്പിക്കുകയും ചെയ്തതിന് പിന്നിലും ഛത്തീസ്ഗഢിലെ വിമത ശബ്ദങ്ങളെ ഇല്ലാതാക്കുക എന്ന ലക്ഷ്യം തന്നെയായിരുന്നു. ആരോപിതയായ ഏതാണ്ടെല്ലാ കേസുകളിലും കുറ്റവിമുക്തയായി പുറത്തുവന്നിട്ടും ഭരണകൂടവും വ്യവസായ മാഫിയകളും സോരിയെ നിരന്തരമായി ആക്രമിച്ചുകൊണ്ടിരിക്കുകയാണ് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് സോരിക്കെതിരെ അടുത്ത കാലത്തായി നടന്ന ആസിഡ് ആക്രമണം. ഫെബ്രുവരി 5ന് സോനി സോരിക്കെതിരെ നടന്ന അതിക്രമത്തിന് പിന്നിൽ ആദിവാസികളുടെ മനുഷ്യാവകാശവുമായി ബന്ധപ്പെട്ട് സോരി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളാണ് എന്നത് വ്യക്തമാണ്. ബസ്തർ ജില്ലയിലെ മർദൂം ഗ്രാമത്തിലെ ഹിദ്മോ എന്ന ആദിവാസി യുവാവിനെ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് പകൽവെളിച്ചത്തിൽ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ സോനി സോരി ഇടപെട്ടത് ഭരണകൂടത്തെ പ്രകോപിപ്പിച്ചിരുന്നു. ഹിദ്മോ യാതൊരുവിധ രാഷ്ട്രീയ ബന്ധങ്ങളുമില്ലാത്ത സാധാരണ ആദിവാസി കർഷകനാണെന്നും നാട്ടുകാരുമായി നല്ല ബന്ധമുള്ള ഒരു വ്യക്തിയാണെന്നും മനസിലാക്കിയ സോനി സോരി ഹിദ്മോയുടെ കൊലപാതകത്തെക്കുറിച്ച് പുറംലോകത്തെ അറിയിച്ചിരുന്നതായിരുന്നു പ്രകോപനത്തിനു കാരണം. സിവിൽ സമൂഹത്തെ അടക്കം ആയുധവൽക്കരിച്ചുകൊണ്ട് മാവോയിസ്റ്റ് വേട്ടയുടെ പേരിൽ ജനകീയ പ്രവർത്തകരെ കൈകാര്യം ചെയ്യുവാൻ ഭരണകൂടം അനുവാദം നൽകിയതിനെയും ഇതോടൊപ്പം ചേർത്തുവായിക്കണം. സുപ്രീം കോടതിയുടെ ഇടപെടലിനെത്തുടർന്ന് നിർത്തിവെച്ച സൽവാജുദൂം പല പേരുകളിൽ ഇപ്പോഴും ഛത്തീസ്ഗഢിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പണം കൊടുത്തു പ്രലോഭിച്ചും, ഭീഷണിപ്പെടുത്തിയും, കേസുകളിൽ പെടുത്തിയും, ശാരീരികമായി ആക്രമിച്ചും ഒക്കെ ഭരണകൂട താൽപര്യങ്ങൾ സംരക്ഷിക്കുക എന്ന ദൗത്യമാണ് രാഷ്ട്ര വികാസ് മഞ്ച്, സ്വാഭിമാൻ മഞ്ച് തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന രണ്ടാം സൽവാ ജുദൂം ചെയ്തുകൊണ്ടിരിക്കുന്നത്.

മാവോയിസ്റ്റ് നിലപാടുകളോട് പൂർണ്ണ വിയോജിപ്പുള്ള സോനി സോരിയെയും ഭരണകൂടം വേട്ടയാടാൻ ആരംഭിച്ചിട്ട് വർഷങ്ങളായി. ആദിവാസി കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന സോനി സോരിയെ മനുഷ്യ മനസ്സാക്ഷിയെ നടുക്കുംവിധം ശാരീരികാക്രമണം നടത്തിയതും നിരവധി കേസുകളിൽ ഉൾപ്പെടുത്തി പീഡിപ്പിക്കുകയും ചെയ്തതിന് പിന്നിലും ഛത്തീസ്ഗഢിലെ വിമത ശബ്ദങ്ങളെ ഇല്ലാതാക്കുക എന്ന ലക്ഷ്യം തന്നെയായിരുന്നു.

വ്യാവസായികവൽക്കരണത്തിന്റെ പേരിൽ ഛത്തീസ്ഗഢിലെ പ്രകൃതി വിഭവങ്ങൾ വൻകിട കമ്പനികൾക്ക് തീറെഴുതിക്കൊടുക്കാനുള്ള നീക്കത്തിനെതിരെ ജനകീയ പ്രസ്ഥാനങ്ങൾ സജീവമായ എതിർപ്പുകളുമായി മുന്നോട്ടുവന്നിട്ടുണ്ട്. അടിസ്ഥാന പ്രകൃതി വിഭവങ്ങളിന്മേലുള്ള ജനങ്ങളുടെ അവകാശങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രക്ഷോഭങ്ങൾ ഛത്തീസ്ഗഢിൽ ശക്തമായിക്കൊണ്ടിരിക്കുകയാണ്. ആദിവാസി ജനതയുടെ മുൻകൈയ്യിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ഈ മുന്നേറ്റങ്ങൾക്ക് നിയോഗിയുടെ പിൻമുറക്കായ പരിസ്ഥിതി–മനുഷ്യാവകാശ പ്രവർത്തകർ സജീവമായ പിന്തുണ നൽകുന്നത് ഭരണകൂടത്തെ വലിയ രീതിയിൽ അലോസരപ്പെടുത്തുന്നുണ്ട്. ഈ പ്രവർത്തകരെ മാവോയിസ്റ്റുകളെന്നും തീവ്രവാദികളെന്നും മുദ്രകുത്തി തുറങ്കലിലടക്കേണ്ടുന്നത് അതുകൊണ്ടുതന്നെ അവരുടെ ആവശ്യമാണ്. ഏറ്റവുമൊടുവിൽ നിയോഗി സ്ഥാപിച്ച ഷഹീദ് ഹോസ്പിറ്റലിൽ 1983 മുതൽ പ്രവർത്തിച്ചുവരുന്ന ഡോ. സായ്ബൽ ജെനയുടെ അറസ്റ്റും ഇതിലേക്കുതന്നെയാണ് വിരൽചൂണ്ടുന്നത്. 1992ൽ ഭിലായ് സ്റ്റീൽ പ്ലാന്റിൽ ഛത്തീസ്ഗഢ് ശ്രമിക് സംഘടനയുടെ മുൻകൈയ്യിൽ നടന്ന സമരത്തെത്തുടർന്ന് പോലീസ് നടത്തിയ അതിക്രമത്തി

⇨ ജഗ്ലാഗിന്റെ അഭിഭാഷകരായ പ്രവർത്തകരെയും പോലീസ് നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുകയാണ് ⇨

ന് ഇരകളാക്കപ്പെട്ട തൊഴിലാളികളെ ചികിത്സിക്കുന്നതിനായി എത്തിയ ഡോ.ജെനയെ അധികൃതർ കേസിൽ ഉൾപ്പെടുത്തുകയായിരുന്നു. ആ കേസുമായി ബന്ധപ്പെടുത്തിയാണ് കഴിഞ്ഞ ദിവസം അദ്ദേഹത്തെ അറസ്റ്റു ചെയ്തതെന്നായിരുന്നു പോലീസ് പറയുന്നത്. എന്നാൽ യാഥാർത്ഥ്യം ഇതിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. സോണി സോരി അടക്കമുള്ള ആദിവാസി നേതാക്കളെയും മനുഷ്യാവകാശ പ്രവർത്തകരെയും പോലീസ് പീഡിപ്പിക്കുന്നതിനെതിരായി വലിയ തോതിലുള്ള പ്രതിഷേധങ്ങൾ ഛത്തീസ്ഗഢിൽ ഉയർന്നുവരുന്നുണ്ട്. ഡോ. സായ്ബൽ ജെന അടക്കമുള്ള സാമൂഹ്യ പ്രവർത്തകർ ഈ വിഷയത്തിൽ സജീവമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. സോണി സോരിക്കെതിരായി നടന്ന ആസിഡ് ആക്രമണത്തിലെ പ്രതികളെ എത്രയും പെട്ടെന്ന് പിടികൂടണമെന്നാവശ്യപ്പെട്ടുകൊണ്ട് ജഗദൽപൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ജഗ്ലാഗ് (Jagadalpur Legal Aid-Jaglag) ന്റെ മുൻകൈയിൽ വലിയതോതിലുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ജഗ്ലാഗിന്റെ അഭിഭാഷകരായ പ്രവർത്തകരെയും പോലീസ് നിരന്തരം വേട്ടയാടുന്നു. രാഷ്ട്രീയ ബോധ്യമുള്ള സ്വതന്ത്രവ്യക്തിത്വങ്ങളെ കണ്ടെത്തി, അവരെ നിരന്തരമായി വേട്ടയാടുക എന്നതാണ് പോലീസും ഭരണകൂടവും ചെയ്തുകൊണ്ടിരിക്കുന്നത്.

മാവോയിസ്റ്റ് ബന്ധം ആരോപിച്ച് ഛത്തീസ്ഗഢിൽ അറസ്റ്റുചെയ്യപ്പെടുകയും ജയിലിടക്കപ്പെടുകയും ശാരീരികാക്രമണത്തിന് വിധേയരാക്കപ്പെടുകയും ചെയ്യുന്ന ആദിവാസികളിൽ ബഹുഭൂരിപക്ഷത്തിനും മാവോയിസ്റ്റ് സംഘടനയുമായോ പ്രത്യയശാസ്ത്രവുമായോ യാതൊരു ബന്ധവും ഇല്ലാത്തവരാണ്. കീഴടങ്ങിയ മാവോയിസ്റ്റുകളുടെ എണ്ണത്തെ സംബന്ധിച്ചും വലിയതോതിലുള്ള അവ്യക്തതകൾ നിലനിൽക്കുന്നുണ്ട്. പോലീസും ഭരണകൂടവും നിരന്തരം കൊട്ടിഘോഷിച്ചുകൊണ്ടിരിക്കുന്ന 'മാവോയിസ്റ്റ് സ്വാധീനം'അതേരീതിയിൽ നിലനിർത്തുകയും വിമതശബ്ദങ്ങളെ തകർക്കുകയും ചെയ്യുക എന്നതാണ് ഇന്ന് ഭരണകൂടം അനുവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇതിന് അവർക്ക് ഇനിയും ഒട്ടേറെ ഇരകളെ സൃഷ്ടിക്കേണ്ടിവരും. ഛത്തീസ്ഗഢ്, ഒഡീഷ, ഝാർഘണ്ട് മേഖലയിൽ നിലനിൽക്കുന്ന ധാതുക്കളിന്മേൽ ബഹുരാഷ്ട്ര കമ്പനികളുടെ കണ്ണുകൾ ഉടക്കിനിൽക്കുന്ന കാലത്തോളം 'മാവോയിസ്റ്റ് സ്വാധീനം' നിലനിർത്തേണ്ടത് ഗവൺമെന്റിന്റെ താൽപര്യമായി മാറിയിരിക്കുന്നു. ടാറ്റയുടേതടക്കമുള്ള വൻകിട സ്റ്റീൽ പ്ലാന്റുകൾക്കെതിരെ അതിശക്തമായ ജനകീയ പ്രതിരോധങ്ങൾ ഉണ്ടായപ്പോഴെല്ലാം അവയെ തകർത്തു തരിപ്പണമാക്കുന്നതിൽ സർക്കാരിന്റെ 'മാവോയിസ്റ്റ് സിദ്ധാന്തം' വലിയ പങ്ക് വഹിച്ചിട്ടുണ്ട്. 'വിമോചിത മേഖല'കളിൽ നിന്ന് വിലയേറിയ ധാതുക്കൾ ദിനംപ്രതി ആയിരക്കണക്കിന് ട്രക്കുകളിലായി പുറംലോകത്തേക്ക് കടന്നുപോകുന്നതും നാഗർനാർ ഗ്രീൻഫീൽഡ് പ്രൊജക്ട് പോലുള്ള ലക്ഷക്കണക്കിന് കോടികൾ ചെലവഴിക്കുന്ന പദ്ധതികൾ അനായാസം നടപ്പിലാക്കുന്നതും ഈ മാവോയിസ്റ്റ് കഥകളുടെ ബലത്തിലാണ്.

ഇടതു തീവ്രവാദ നിലപാടുകളോട് പൂർണ്ണ വിയോജിപ്പുകൾ പ്രഖ്യാപിച്ച് ജനാധിപത്യത്തിനും മനുഷ്യാവകാശത്തിനും പരിസ്ഥിതി സൗഹൃദ വികസനത്തിനും പുതിയ തൊഴിൽ സംസ്കാരത്തിനും വേണ്ടി നിലകൊള്ളുന്ന രാഷ്ട്രീയ പ്രവർത്തകരെ മാവോയിസ്റ്റ് മുദ്ര കുത്തി വേട്ടയാടുക എന്ന തന്ത്രമാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ബിനായക് സെൻ മുതൽ സായ്ബൽ ജെനവരെയുള്ളവരെയും ഹിമാൻഷു കുമാറിനെപ്പോലുള്ള പ്രഖ്യാപിത ഗാന്ധിയന്മാരെയും നിരന്തരമായി കേസിൽപ്പെടുത്തുന്നതും ജയിലിലടക്കുന്നതും ഇതേ തന്ത്രങ്ങളുടെ ഭാഗം തന്നെയാണ്. എന്നാൽ സർക്കാരിന്റെ കുതന്ത്രങ്ങൾക്കും മാവോയിസ്റ്റുകളുടെ സായുധ പോരാട്ടങ്ങൾക്കും പുറത്ത് വിപുലമായ ജനകീയ മുൻകൈകൾ ഛത്തീസ്ഗഢിൽ രൂപപ്പെട്ടുവരുന്നു എന്നത് ആശാവഹമാണ്. പ്രതിരോധത്തിന്റെയും നിർമ്മാണത്തിന്റെയും നിയോഗി സ്കൂളിനെ ഛത്തീസ്ഗഢിൽ നിന്നും തുടച്ചുനീക്കാൻ ഭരണകൂടത്തിന് നന്നെ വിയർക്കേണ്ടി വരും. ■


## കേരളീയം വരിസംഖ്യ
### അയയ്ക്കുമല്ലോ...

വാർഷിക വരിസംഖ്യ (12 ലക്കം) :
ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ
വിദേശത്തേക്ക് : 1200 രൂപ. കൂട്ടായ്മ അംഗത്വം :
10,000 രൂപ. ആജീവനാന്ത വരിസംഖ്യ
വിദേശത്തേക്ക് : 8000 രൂപ. ഇന്ത്യയിൽ : 6000 രൂപ.
കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന,
പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.
ബന്ധങ്ങൾക്ക് :
**കേരളീയം, കൊക്കാലെ, തൃശൂർ–680021**
ഫോൺ : 0487 2421385, 9446576943